## കരിമഠം കോളനിയിലെ എൻയുഎൽഎം ഭവന സമുച്ചയങ്ങൾ

നഗര ദരിദ്രരുടെ ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് രൂപം കൊടുത്ത പ്രത്യേക പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം). നഗര ദരിദ്രരിലെ അരക്ഷിതാവസ്ഥ ഇല്ലാതാക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജന ത്തിനും വേണ്ടി നടപ്പിലാക്കി വന്നിരുന്ന സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്ജഎസ്ആർവൈ) എന്ന പദ്ധതിയുടെ തുടർച്ചയായാണ് ദീൻദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന ദൗത്യം (ഡിഎവൈ- എൻയുഎൽഎം) പദ്ധതി കേരളത്തിൽ നടപ്പാക്കി തുടങ്ങിയത്. കേരളത്തിൽ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. ദേശീയ തലത്തിൽ എൻയുഎൽ എം പദ്ധതി 2013 വർഷത്തിൽ ആരംഭിച്ചെങ്കിലും കേരളത്തിൽ 2015 മേയ് മുതലാണ് ഈ പദ്ധതി നടപ്പാക്കി തുടങ്ങിയത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എൻയുഎൽഎം സ്റ്റേറ്റ് മിഷൻ ഡയറക്ടറായി വർത്തിക്കുന്നു. മുഖ്യമന്ത്രി ചെയർമാനായ ഗവേണിങ് കൗൺസിലും ചീഫ് സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മറ്റിയുമുണ്ട്. പദ്ധതി നടപ്പാക്കുന്ന ഓരോ നഗരസഭ കളിലും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റികളുമുണ്ട്. 50000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നഗരവാസികളെയാണ് കേരളത്തിൽ നഗര ദരിദ്രരായി കണക്കാക്കുന്നത്. ഇവർക്ക് എൻയുഎൽഎം പദ്ധതിയുടെ എല്ലാവിധ ഗുണങ്ങളും ലഭ്യമാകും.

നഗര ദരിദ്രരെ കണ്ടെത്തി ഒരുമിച്ച് ചേർത്ത് കുടുംബശ്രീയുടെ മൂന്ന് തല സംഘടനാ സംവിധാനത്തിന്റെ അതേ മാതൃകയിലുള്ള സംഘടനാ സംവിധാന രൂപീകരണം, നൈപുണ്യ പരിശീലനവും തൊഴിലും, സ്വയം തൊഴിൽ പദ്ധതി, ഭവനരഹിതകർക്ക് അഭയകേന്ദ്രം, നഗരത്തിലെ തെരുവുകച്ചവടക്കാർക്ക് പിന്തുണ, കാര്യശേഷി വികസന

ത്തിനുള്ള പരിശീലനം, നൂതനമായ പ്രത്യേക പദ്ധതികൾ എന്നിവയാണ് ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ വിവിധ ഘടകങ്ങൾ.

**എൻയുഎൽഎം അഭയ കേന്ദ്രങ്ങൾ**

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും താങ്ങാവുന്ന ചെലവിൽ ഭൂമിയുടെയും പാർപ്പിടത്തിന്റെയും മറ്റ് സേവനങ്ങളുടെയും നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ രാജ്യത്ത് ആവാസ സംവിധാനങ്ങളുടെ സുസ്ഥിരമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതാണ് 2007ലെ ദേശീയ നഗര പാർപ്പിട വാസസ്ഥാന നയം (എൻയുഎച്ച്എച്ച്പി- നാഷണൽ അർബൻ ഹൗസിങ് ആൻഡ് ഹാബിറ്റാറ്റ് പോളിസി). നഗരങ്ങളിലെ ഭവനരഹിതരാണ് ആവാസ കേന്ദ്രത്തിനായി ഏറ്റവും അവശത അനുഭവിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷണം, ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ എന്നീ സേവനങ്ങൾ നേടിയെടുക്കുന്നതിന് നഗരങ്ങളിലെ ഭവനരഹിതർ നിരന്തരം വെല്ലുവിളി നേരിടുന്നു. ഈ ഒരവസ്ഥയ്ക്ക് മാറ്റം വരുത്തി അടിസ്ഥാന സേവനങ്ങളെല്ലാം ലഭ്യമാകുന്ന അഭയകേന്ദ്രങ്ങൾ നഗരങ്ങളിലെ ഭവനരഹിതർക്ക് ഒരുക്കി നൽകുകയാണ് ദേശീയ നഗര ഉപജീവന ദൗത്യത്തിലെ അഭയ കേന്ദ്രങ്ങൾ വഴി ലക്ഷ്യമിടുന്നത്.

**ലക്ഷ്യങ്ങൾ**

1. നഗരങ്ങളിലെ ഭവനരഹിതരായ ജനങ്ങൾക്ക് ശുദ്ധജലം, ശുചിത്വം, ഭദ്രത, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ സ്ഥിരമായ പാർപ്പിടങ്ങളുടെ ലഭ്യതയും പ്രാപ്യതയും ഉറപ്പുവരുത്തുക.
2. നഗരങ്ങളിലെ ഭവനരഹിതരിൽ തന്നെ ഏറ്റവും അശരണരായ ആശ്രിതരായ കുട്ടികൾ, വൃദ്ധർ, വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികളുള്ളവർ, ഭവനരഹിതരുടെ അഭയകേന്ദ്രങ്ങൾക്കുള്ളിൽതന്നെ പ്രത്യേക വിഭാഗങ്ങൾ സൃഷ്ടിക്കുകയും സവിശേഷ സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുക.
3. ഭവനരഹിതരായ ജനവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷാ പെൻഷനുകൾ, പൊതു വിതരണ സംവിധാനം, സംയോജിത ശിശു വികസന പരിപാടി, തിരിച്ചറിയൽ രേഖ, സാമ്പത്തികമായ ഉൾച്ചേർക്കൽ, വിദ്യാഭ്യാസം, താങ്ങാവുന്ന ചെലവിലുള്ള താമസ സൗകര്യം തുടങ്ങിയ വിവിധ അവകാശങ്ങൾ പ്രാപ്യമാക്കുക.

4. ഭവനരഹിതരുടെ കൂട്ടായ്മകൾ ഉൾപ്പെടെയുള്ള പൗര സമൂഹ സംഘടനകളും സർക്കാരുകളും വഴി പാർപ്പിടങ്ങളുടെ വികസനത്തിനും നടത്തിപ്പിനും നിരീക്ഷണ ത്തിനുമുള്ള ഘടനകളും ചട്ടക്കൂടുകളും ആസൂത്രണം ചെയ്യുകയും ഭവനരഹിതർ ക്കായി അടിസ്ഥാന സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

<u>വിവിധതരം പാർപ്പിടങ്ങളും മാനദണ്ഡങ്ങളും</u>

1. നഗരങ്ങളിലെ ഭവനരഹിതർക്കുള്ള പാർപ്പിടങ്ങൾ സ്ഥിരമായതും ഏത് കാലാവ സ്ഥയ്ക്കും അനുയോജ്യമായവയും ആയിരിക്കണം. ഒരു ലക്ഷം നഗര ജനസംഖ്യയ്ക്ക് കുറഞ്ഞത് നൂറുപേർക്ക് എന്ന കണക്കിൽ സ്ഥിരമായ സാമൂഹ്യ പാർപ്പിടങ്ങൾക്കുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം. തദ്ദേശ സാഹചര്യങ്ങളെ ആശ്രയിച്ച് ഓരോ പാർപ്പി ടത്തിലും 50 മുതൽ 100 വരെ വ്യക്തികളെ പാർപ്പിക്കുവാനാകണം.

2. എല്ലാ ജില്ലാ ആസ്ഥാനനഗരങ്ങളിലും 2011ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം ഒരു ലക്ഷമോ അതിലേറെയോ ജനസംഖ്യയുള്ള മറ്റ് പട്ടണങ്ങളിലും പദ്ധതി നടപ്പാ ക്കുന്നതായിരിക്കും. എന്നിരുന്നാലും പത്ത് ലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരങ്ങൾ ക്കും സാമൂഹിക ചരിത്രപരമോ വിനോദസഞ്ചാരപരമോ ആയി സവിശേഷ പ്രാധാന്യമു ള്ളതാണെന്ന് ഭാരത സർക്കാർ- സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള നഗരങ്ങൾ ക്കും പട്ടണങ്ങൾക്കും മുൻഗണന നൽകാവുന്നതാണ്. അത് കൂടാതെ പാർപ്പിടങ്ങളുടെ ആവശ്യം കണക്കിലെടുത്ത് സംസ്ഥാനങ്ങളുടെ അഭ്യർത്ഥനയിൽ അസാധാരണ സാഹചര്യങ്ങളിൽ മറ്റ് പട്ടണങ്ങൾക്കും പദ്ധതി അനുവദിക്കാവുന്നതാണ്.

3. ഈ പാർപ്പിടങ്ങളിൽ ചിലത്, ഭവനരഹിതരിൽ തന്നെ ഏറ്റവും ദുർബല വിഭാഗ ങ്ങളായ 1, ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകളും അവരുടെ ആശ്രിതരും പ്രായപൂർത്തി യാകാത്തവരുമായ മക്കളും 2, വൃദ്ധർ 3, ബലഹീനർ 4, വൈകല്യമുള്ളവർ 5, മാനസിക മായ പ്രശ്നങ്ങളുള്ളവർ എന്നിവർക്കായി മാറ്റിവയ്ക്കാം. യഥാർത്ഥത്തിലുള്ള വിഭജനം തദ്ദേശീയ പ്രത്യേകതകളെയും നഗരത്തിന്റെ വലിപ്പത്തെയും പാർപ്പിടങ്ങളുടെ ആകെ എണ്ണത്തെയും ആശ്രയിച്ചിരിക്കും. ചുവടെ പറയുന്ന വിധത്തിലുള്ള സവിശേ ഷാവശ്യങ്ങൾ നിറവേറ്റുന്നതിന് വെവ്വേറെ പാർപ്പിടങ്ങൾ ക്രമീകരിക്കുന്നതും സം സ്ഥാന ങ്ങൾക്കും നഗരസഭകൾക്കും പരിഗണിക്കാവുന്നതാണ്.

എന്നിരുന്നാലും ഒരു അഭയകേന്ദ്രത്തിന് തൊഴിൽ ചെയ്യുന്ന പുരുഷന്മാർ, സ്ത്രീകൾ, കുടുംബങ്ങൾ തുടങ്ങിയ ഓരോ വിഭാഗങ്ങളിലും ഉൾപ്പെട്ടവരുടെ ആവശ്യങ്ങ ൾക്കനുസരിച്ച് അനുയോജ്യമായ ഇടങ്ങൾ വേർതിരിച്ച് എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാവുന്ന തരത്തിലുള്ള ഒറ്റ പാർപ്പിട സമുച്ചയവും ഒരുക്കാവുന്നതാണ്.

**<u>ധനസഹായ രീതിയും മാനദണ്ഡങ്ങളും</u>**

1. പാർപ്പിടങ്ങൾ പണിയാനുള്ള ചെലവിന്റെ 75ശതമാനം ഭാരത സർക്കാരാണ് വഹിക്കുന്നതും 25 ശതമാനം സംസ്ഥാനത്തിന്റെ സംഭാവനയുമായിരിക്കും. സവിശേഷ വിഭാഗത്തിലുള്ള സംസ്ഥാനങ്ങളുടെ (അരുണാചൽ പ്രദേശ്, ആസാം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്) കാര്യത്തിൽ ഈ അനുപാതം 90-10 ആയിരിക്കും.

2. നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിത് ഉപയോഗിക്കേണ്ടിടത്ത് ആവശ്യമായ സേവനങ്ങളും സ്ഥല സൗകര്യങ്ങളും സജ്ജീകരിക്കുന്നതിനുള്ള ധനസഹായവും പ്രവൃത്തി നടക്കുന്ന സംസ്ഥാനത്തിന് ബാധകമായ വിധത്തിൽ 75-25 അല്ലെങ്കിൽ 90-10 അനുപാതത്തിൽ ലഭ്യമാക്കുന്നതാണ്

3. മേൽപ്പറഞ്ഞ ഖണ്ഡിക 8.1 സൂചിപ്പിച്ചിട്ടുള്ള ഏജൻസികൾ മൂലധന ചെലവവിൽ അല്ലെങ്കിൽ വാർഷിക നടത്തിപ്പ് പരിപാലന ചെലവിൽ ഫണ്ടുകൾ സംഭാവന ചെയ്യുന്ന പക്ഷം ബാക്കി വരുന്ന ചെലവുകളാണ് ബാധകമായ വിധത്തിൽ 75-25 അല്ലെങ്കിൽ 90-10 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും പങ്കിടുന്നത്.

4. അനുമതി നൽകിയ പദ്ധതികലുടെ നിർമ്മാണത്തിന്റെ അല്ലെങ്കിൽ പുതുക്കലിന്റെ സ്ഥിതിയെ അടിസ്ഥാനമാക്കി സംസ്ഥാന നഗര ഉപജീവന മിഷൻ ഫണ്ടുകൾ തവണ കളായി നഗരസഭകൾക്കു നൽകും.

5. പ്രോജക്ട് അനുമതി നൽകിയ സമയത്ത് യഥാർത്ഥത്തിൽ പൂർത്തീകരണത്തിന് സമ്മതിച്ചിരിക്കുന്ന തീയതിക്ക് ശേഷമുള്ള ചെലവു വർദ്ധനകൾ അതാത് സംസ്ഥാന സർക്കാരുകൾ അല്ലെങ്കിൽ നഗരസഭകൾ വഹിക്കേണ്ടതാണ്.

6. പ്രവർത്തനത്തിന്റെ ആദ്യത്തെ 5 വർഷക്കാലയളവിൽ ഓരോ സംസ്ഥാനത്തിനും ബാധകമായ വിധത്തിൽ നടത്തിപ്പ് പരിപാലന ചെലവിന്റെ 75 ശതമാനം അല്ലെങ്കിൽ 90 ശതമാനം കേന്ദ്രസർക്കാർ നൽകും. നഗരത്തിലെ 50 ശതമാനം ഭവനരഹിതരെ സംരക്ഷിക്കുന്ന ഒരു പാർപ്പിടത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും പ്രതിവർഷം 600000 രൂപ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാർപ്പിടങ്ങളുടെ നടത്തിപ്പിന് അനുവദിക്കുന്ന തുക....

**തുക**

| നം | ചെലവ് | വിശദാംശം |
|---|---|---|
| 1 | പാർപ്പിടത്തിന്റെ വാർഷിക മെയ്ന്റനൻസ് | വൈദ്യുതിക്ക് വേണ്ടിയുള്ള ചെലവും മറ്റ് പലവക ചെലവുകളും |
| 2 | വാർഷിക സർവീസിങ് | പരിപാലനം, അറ്റകുറ്റപ്പണികൾ, മെത്തകൾ, അടുക്കള ഉപകരണങ്ങൾ മുതലായവയുടെ കുറവു നികത്തൽ |
| 3 | സൗജന്യ ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള വാർഷിക ചെലവ് | വൃദ്ധർ-ബലഹീനർ ആദിയായി പണം നൽകുവാൻ സാധിക്കാത്ത 10 ശതമാനം താമസക്കാർക്ക് വേണ്ടി മാത്രം |
| 4 | ജീവനക്കാരുടെ ശമ്പളം | 8 മണിക്കൂർ ഷിഫ്റ്റുകളിലായി 3 കെയർ ഗിവർമാരും (പരിപാലന സഹായികളും) 1 മുഴുവൻ സമയ മാനേജരും ഉൾപ്പെടുന്നു |

അനുവദനീയമായ ആകെ നടത്തിപ്പ് മാനേജ്മെന്റ് ചെലവ്- നഗരത്തിലെ 50 ഭവനരഹിതരെ വരെ സംരക്ഷിക്കുന്ന ഒരു പാർപ്പിടത്തിന് 600000 രൂപ എന്ന നിരക്കിലാണ്.

പാർപ്പിടങ്ങളുടെ പ്രവർത്തനങ്ങൾക്കും മാനേജ്മെന്റിനും വേണ്ടിയുള്ള ഫണ്ടുകൾ, നിർമ്മാണം അല്ലെങ്കിൽ പുതുക്കൽ പൂർത്തിയായ ശേഷം നഗരസഭകൾക്ക് തവണകളായി നൽകുന്നതാണ് അഭിലഷണീയം. പാർപ്പിടങ്ങൾ പൂർത്തിയായാൽ ഉടൻ തന്നെ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കുന്നതിന് പരിപാലന ചെലവുകളുടെ തവണകൾ വളരെ നേരത്തേ തന്നെ നൽകേണ്ടതാണ്. നടത്തിപ്പ് ചെലവുകൾക്കായി നൽകിയ ഫണ്ടുകൾ യഥാവിധി പ്രയോജനപ്പെടുത്തി എന്ന് നിർണ്ണയിക്കാനുള്ള നടപടിക്രമങ്ങൾ സംസ്ഥാന മിഷനാണ് നിശ്ചയിച്ചിരിക്കുന്നത്.

**കരിമഠം കോളനിയിലെ എൻയുഎൽഎം ഭവന സമുച്ചയം**

തിരുവനന്തപുരം നഗരത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലമായിരുന്നു കരിമഠം. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ഉപയോഗി ച്ചിരുന്ന ഈ സ്ഥലത്ത് കാലക്രമത്തിൽ നഗരത്തിലെ ഭവനരഹിതരായ ദരിദ്രർ ചെറു കുടിലുകളും മറ്റും കെട്ടി താമസം ആരംഭിക്കുകായയിരുന്നു. ചാല കമ്പോളത്തിന് സമീപം 9.73 ഏക്കറോളമുള്ള ഈ സ്ഥലം ക്രമേണ ഒരു ചേരി പ്രദേശമായി മാറി. 560 കുടുംബങ്ങളിലായി 2341പേരാണ് ഇവിടെ അധിവസിച്ചിരുന്നത്.

മുപ്പത് വർഷങ്ങൾക്ക് മുമ്പ് 72 ഗുണഭോക്താക്കൾക്ക് താമസ സൗകര്യം ഒരുക്കി നൽകുന്നതിനായി സർക്കാർ കരിമഠം കോളനിയിൽ ഭവന സമുച്ചയം പണികഴിപ്പിച്ചു.

**തുടക്കം**

കേന്ദ്രസർക്കാർ 2005ൽ ആരംഭിച്ച ജവഹർ ലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (ജെഎൻഎൻയുആർഎം) പദ്ധതിയുടെ ഉപഘടകമായ നഗരദരിദ്രർ ക്കുള്ള അടിസ്ഥാന സേവനങ്ങളിൽ (ബേസിക് സർവീസ് ടു ദി അർബൻ പുവർ) നഗ രങ്ങളിലെ ഭവനരഹിതർക്കുള്ള അഭയകേന്ദ്രങ്ങൾ (എസ്‌യുഎച്ച്- ഷെൽറ്റർ ഫോർ അർബൻ ഹോംലെസ്) എന്ന ഘടകത്തിന്റെ ഭാഗമായി കരിമഠം കോളനിയാകെ ഉൾപ്പെ ടുത്താൻ പിന്നീട് സർക്കാർ തീരുമാനിച്ചു. 2007ലെ ഈ തീരുമാനം അടിസ്ഥാനമാക്കി വിശദമായ കർമ്മപദ്ധതി തയാറാക്കുന്നതിനായി കോസ്റ്റ് ഫോർഡിനെ ചുമതല പ്പെടുത്തി. 2007-08 സാമ്പത്തിക വർഷം 10.84 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രഗക്ത ക്കാർ അനുമതിയും നൽകി. 2011 മുതൽ മുനിസിപ്പൽ കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കി തുടങ്ങി.

അതേസമയം സർക്കാർ പണികഴിപ്പിച്ച ഭവന സമുച്ചയത്തിന്റെ അവസ്ഥ തീർത്തും ശോചനീയമായി വന്നതോടെ ഇവിടെ താമസിച്ചിരുന്ന ഗുണഭോക്താക്കൾ തെരുവിലാകുന്ന അവസ്ഥ വീണ്ടുമുണ്ടായി. ഇതേത്തുടർന്ന് ഈ ഭവന സമുച്ചയം പുനർനിർമിക്കാൻ സർക്കാർ തീരുമാനിച്ചു. അതനുസരിച്ച് ദേശീയ നഗര ഉപജീവന ദൗത്യത്തിന് കീഴിൽ ഇവിടെ ഈ 72 ഗുണഭോക്താക്കൾക്ക് വേണ്ടി ഭവന സമുച്ചയം നിർമ്മിക്കാൻ തീരുമാനിക്കുകയായിരുന്നു. പഴയ ഭവന സമുച്ചയുമുണ്ടായിരുന്ന അതേ സ്ഥാനത്ത് തന്നെ പുതിയ കെട്ടിടം നിർമ്മിക്കാനാണ് തീരുമാനിച്ചത്. അതിനുള്ള ചുമതല അർബൻ ഹൗസിങ് മിഷനെയും (യുഎച്ച്എം) ഏൽപ്പിച്ചു.

**അർബൻ ഹൗസിങ് മിഷൻ**

ഭവന പദ്ധതികൾ നടപ്പാക്കുമ്പോൾ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും നിരവധി വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. ഗുണഭോക്താക്കളുടെ സഹകരണമില്ലായ്മയും ഭൗതികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടും. ഇതേത്തുടർന്ന് കൃത്യസമയത്ത് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കഴിയാതെ വരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്ന നിലയിൽ നഗരങ്ങളിൽ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി ഒരു പ്രത്യേക സംവിധാനം 2014 ൽ കേരള സർക്കാർ രൂപീകരിക്കുന്നത്. കുടുംബശ്രീയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ഈ സംവിധാനത്തിന്റെ നേതൃത്വം വഹിക്കുന്നത് നഗരകാര്യ വകുപ്പ് മന്ത്രിയാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയും. രാജീവ് ആവാസ് യോജന (ആർഎവൈ), പ്രധാൻ മന്ത്രി ആവാസ് യോജന (പിഎംഎവൈ) എന്നീ പദ്ധതികളുടെ നടത്തിപ്പ് ചുമതല യുഎച്ച്എമ്മിനും നൽകി.

**പ്രവർത്തനം**

- പുതിയ ഭവന സമുച്ചയത്തിന്റെ നിർമ്മാണ ചുമതല ഹിന്ദുസ്ഥാൻ ലൈഫ്കെയർ ലിമിറ്റഡിനെയും (എച്ച്എൽഎൽ) ഏൽപ്പിച്ചു. ടേൺ കീ (പൂർണ്ണ നിർമ്മാണ ചുമതല) വ്യവസ്ഥയിലായിരുന്നു കരാർ. ഭവന സമുച്ചയ ബ്ലോക്കുകളുടെ പ്ലാനും ഡിസൈനുമെല്ലാം പൂർണ്ണമായി തയാറാക്കിയതും എച്ച്എൽഎൽ തന്നെയായിരുന്നു.

- തകർന്ന ഭവന സമുച്ചയത്തിൽ താമസിച്ചിരുന്നവരെ വാടക വീടുകളിലേക്ക്

മാറ്റുന്ന നടപടിയായിരുന്നു ആദ്യം. ഇവർക്ക് മാസം 2000 രൂപ വീതം വാടക ഇനത്തിൽ നൽകാനും സർക്കാർ തയാറായി.

- ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങളുടെയെല്ലാം ഫോട്ടോകളും യുഎച്ച്എം വാങ്ങി. കുടുംബശ്രീയുടെ അയൽക്കൂട്ട സംഘടനാ സംവിധാനം ഉപയോഗിച്ച് താഴേ തട്ടിൽ നടത്തിയ ബോധവത്ക്കരണങ്ങളിലൂടെ ഗുണഭോക്താക്കളുടെ മാനോഭാവത്തിൽ മാറ്റം വരുത്തിയാണ് പുതിയ ഭവന സമുച്ചയമെന്ന ആശയ ത്തിനോട് പൂർണ്ണമായും സഹകരിക്കാൻ അവരെ തയാറാക്കിയത്.

- 72 ഗുണഭോക്താക്കളിൽ നിന്ന് പ്രത്യേക ക്ലസ്റ്റർ ഡെവലപ്പ്മെന്റ് കമ്മിറ്റി (സിഡി സി) രൂപീകരിച്ചു. ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ യഥാസമയം സർക്കാരി നെ അറിയിക്കുന്നതിനും മുൻഗണനാ ക്രമം സമർപ്പിക്കുന്നതിനുമെല്ലാം ഈ കമ്മിറ്റി നേതൃത്വം നൽകി.

- ആദ്യം പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. 2015 ഒക്ടോ ബറിൽ പുതിയ ഭവന സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു എട്ട് മാസം കൊ ണ്ട് പ്ലംബിങ്, ഇലക്ട്രിക്കൽ ജോലികളുൾപ്പെടെ ഇവിടെ പുതിയ ഭവന സമുച്ച യത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.

- ഓരോ ഘട്ടത്തിലും സർക്കാരും, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തി.

- ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയിലെ ഭവനരഹിതർക്കായുള്ള അഭയ കേന്ദ്രങ്ങൾ (ഷെൽട്ടർ ഫോർ ഹൗസ്‌ലെസ്) ഘടകം ഉപയോഗിച്ച് നൂറ് ശതമാ നം സബ്സിഡിയോട് കൂടിയാണ് ഭവന സമുച്ചത്തിന്റെ നിർമ്മാണം പൂർത്തിയാ ക്കിയത്.

- എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി, കുടിവെള്ളം സൗകര്യം നൽകുന്നതി നുള്ള അനുമതി കത്തും ദേശീയ നഗര ഉപജീവന ദൗത്യം വിളിച്ചുകൂട്ടിയ

സിഡിസി മീറ്റിങ്ങിൽ കൈമാറി.

- ഓരോ ഭവനത്തിലും ഒരു ബെഡ്റൂമും ടോയ്‌ലറ്റും അടുക്കളും സ്വീകരണമുറിയുമാണുള്ളത്. മൂന്ന് നിലകളുള്ളതാണ് ഭവന സമുച്ചയങ്ങളുടെ ഒരു ബ്ലോക്ക്. ഒരു നിലയിൽ നാല് ഭവനങ്ങൾ. അങ്ങനെ ഒരു ബ്ലോക്കിൽ 12 ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ. ആകെ 6 ബ്ലോക്കുകളിലായി 72 ഭവനങ്ങൾ തയാറാക്കി. ഒരു ബ്ലോക്കിന് 4200 ചതുരശ്ര അടിയാണ് വിസ്തീർണ്ണം. ഒരു ഭവനത്തിന് 350 ചതുരശ്ര അടിയാണ് വിസ്തീർണ്ണം.

- ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് കൂടാതെ ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ദേശീയ നഗര ഉപജീവന ദൗത്യം സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു.

എൻയുഎൽഎം പദ്ധതിയുടെ കീഴിൽ തന്നെ കരിമഠത്ത് മറ്റ് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരുന്നു.